പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :152 10/06/13-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷം സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരെഞ്ഞടുത്ത 25 മത്സ്യഗ്രാമങ്ങളിൽ സ്വന്തമായി മത്സ്യബന്ധനയാനങ്ങളില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി 166 ലക്ഷം രൂപയുടെ 400 ഫൈബർ കട്ടമരം/വള്ളം നൽകുന്നു. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ (2013-14) മേൽ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞടുത്ത 17 മത്സ്യഗ്രാമങ്ങളിലായി 317 ലക്ഷം രൂപയുടെ 821 ഫൈബർ കട്ടമരം/വള്ളം നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>ഇതിനുപുറമെ ഈ സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിലായി 52.5 കോടി രൂപയുടെ 2200 ഗ്രൂപ്പുകൾക്ക് വള്ളവും വലയും നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. | (ബി) തെരഞ്ഞെടുക്കപ്പെട്ട 25 മത്സ്യഗ്രാമങ്ങളിൽ 400 ഫൈബർ/കട്ടമരം/വള്ളം നൽകുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ